-ാം വർഷം
2024 ജനുവരി 26
ദനഹാ നാലാം ഞായർ



# Laity Reflect on SYRO-MALABAR SUNDAY MASS SCRIPTURE READINGS



# ദിതാണ്; വിവാഹവിരുന്നിന്റെ വൈബ്

സംഖ്യ 11:23-35, ഏശ 46:5-13, ഹെബ്രാ 7:23-28, യോഹ 2:1-11

കണ്ടോ,

ഇത്തവണ പരുന്തിനെ കണ്ടോ..?

കണ്ടെടാ.. ഞാൻ കണ്ടു...

പരുന്തില്ലാതെ, പരുന്തിനെ കാണാതെ എന്തു പെരുന്നാൾ..!?

ഞങ്ങൾ കാഞ്ഞൂരുകാരുടെയും ഞങ്ങടെ ഹൃദയാഘോഷമായ 'പത്താന്തി പെരുന്നാളിന് ' ഇവിടെ വന്നുമടങ്ങുന്നവരുടെയും വർത്തമാനങ്ങളിൽ പരുന്തിനെക്കുറിച്ചുള്ള ആകാംക്ഷയും അതിശയവും സ്വാഭാവികമെന്നോണം കടന്നുവരും. അപദാനങ്ങളിൽ കാഞ്ഞൂർ പുണ്യവാനെന്നു വിളിപ്പേരുള്ള വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുനാൾ ദിനത്തിലെ പ്രധാന പ്രദക്ഷിണത്തിൽ തിരുസ്വരൂപം പള്ളിയിൽ നിന്നിറക്കുമ്പോൾ, ആകാശത്തു പരുന്തുകൾ വട്ടമിട്ടു പറക്കുമെന്നത് അദ്ഭുതപരിവേഷമുള്ള ഐതിഹ്യപ്പെരുമ. അതിന്റെ അനൗപചാരിക ഘോഷമാണ് ആ വർത്തമാനങ്ങളുടെ പൊരുൾ.

പരുന്തിനെ കണ്ടാൽ പെരുന്നാളും പുണ്യാളനും പൊളിച്ചു...!

അദ്ഭുതങ്ങൾ വിശ്വാസത്തിന്റെ ആരംഭമാണെന്ന് ആദ്യം പറഞ്ഞതാരെന്നറിയില്ല. എങ്കിലും, അദ്ഭുതങ്ങൾ കാണുമ്പോഴും കേൾക്കുമ്പോഴും സാമാന്യമായി വിശ്വാസത്തിനു തെല്ലെങ്കിലും മൂർച്ച കൂടുമെന്നുറപ്പ്. പുണ്യാളനാണോ പരുന്താണോ വിശ്വാസത്തിന്റെ അളവ് കൂട്ടുന്നത്? കഥയിലും ഐതിഹ്യത്തിലും ചോദ്യമില്ല. പ്രദക്ഷിണമിറങ്ങുമ്പോൾ എല്ലാ കണ്ണുകളും പരുന്തിനെ തേടുന്നത് അദ്ഭുതം കണ്ടുറപ്പിക്കാൻ തന്നെയെന്നു വ്യക്തം.

ഗീവർഗീസ് പുണ്യാളനെയും രൂപത്തിന്റെ കീഴ്ഭാഗത്തെ പാമ്പിനെയും മുത്തുന്ന, മധ്യകേരളത്തിലെ കേട്ടു പ്രചരിച്ച കഥയിലെ ആ അമ്മച്ചിയുടെ



സിജോ പൈനാടത്ത്

നിഷ്കളങ്ക മനസും സമാന ചോദ്യത്തിന് ഉത്തരം തേടുന്നുണ്ട്. പാമ്പെങ്കിലും പുണ്യാളന്റെയൊപ്പമല്ലേ കിടപ്പ്... ത്തിരി അദ്ഭുതമൊക്കെ കാട്ടാനാകും... അദ്ഭുതമല്ലേ... ഏതു രൂപത്തിലും സംഭവിക്കാമല്ലൊ...!



## മഹത്വം, അദ്ഭുതം

ക്രൈസ്തവ കല്യാണങ്ങൾ ഏറെ നടക്കുന്ന ജനുവരിയിൽ, ഒരു മാംഗല്യവീടിന്റെ ആഘോഷവൈബിൽ ക്രിസ്തു തന്റെ മഹത്വം അടയാളപ്പെടുത്തുന്നതാണ് ദനഹാക്കാലത്തിലെ നാലാം ഞായറിലെ വായന. ക്രിസ്തുവിന്റെ മഹത്വീകരണ വഴിയിലെ അടയാളങ്ങളുടെ ആരംഭം. ക്രിസ്തു പരസ്യമായി നടത്തിയ ആദ്യത്തെ അദ്ഭുതം.

ലളിത മനോഹരമായൊരു റീൽസ് ദൃശ്യം പോലെ ആർക്കും എളുപ്പത്തിൽ മനസിലാക്കിയെടുക്കാനാവുന്നതാണു കാനായിലെ കല്യാണവീട്ടിലെ സുവിശേഷ നിമിഷങ്ങൾ. ക്രിസ്തു തന്നെത്തന്നെ വെളിപ്പെടുത്തുന്നതിനായി ഏവർക്കും സുപരിചിതമായ ജീവിത പശ്ചാത്തലം തെരഞ്ഞെടുത്തുവെന്നത് അവൻ നമുക്കിടയിലൊരുവനാണെന്നതിന്റെ സുന്ദരസൂചനയാകണം.

അധികാരപീഠങ്ങളിലിരുന്ന് ഉത്തരവിടുന്നതിലല്ല, സാധാരണക്കാരിലേക്കിറങ്ങിച്ചെന്ന് അവർ കരുതിവച്ച വീഞ്ഞുപാത്രങ്ങൾ ശൂന്യമാകുമ്പോഴുള്ള സങ്കടസ്പന്ദനം നേരിട്ടനുഭവിച്ചറിഞ്ഞ് ആശ്വാസം പകരുന്നതിലാണു, നയിക്കാൻ നിയുക്തരായവരുടെ നന്മയും മഹത്വവുമെന്നു സുവിശേഷത്തിലെ കല്യാണവീടിന്റെ പാഠം - ഒന്ന്.

## പ്രശ്നം, പരിഹാരം

യാദൃശ്ചികമായി തങ്ങൾക്കിടയിലുണ്ടായ ഒരു പ്രശ്നത്തിനു നേർദിശയിൽ പരിഹാരം കണ്ടെത്തുന്ന ക്രൈസിസ് മാനേജ്മെന്റിന്റെ സുവിശേഷപാഠവും കാനായിലെ കല്യാണവീട്ടിൽ നിന്നു പഠിക്കണം.

വീഞ്ഞു തീർന്നു പോയതാണ് പ്രശ്നം; വിളമ്പാൻ നിശ്ചിതസമയത്തു വീഞ്ഞു വേണമെന്നതു പരിഹാരവും.

ക്ഷണിച്ചുവരുത്തിയ വിരുന്നുകാർക്കു വിളമ്പാനില്ലെന്ന വല്ലാത്തൊരു പ്രതിസന്ധി അമ്മമാർക്കല്ലാതെ ആർക്കാണ് ആദ്യം മനസിലാവുക..? മറിയമറിഞ്ഞ സങ്കടം പങ്കുവച്ചതു മകനോട്. അവൾക്കു റപ്പാണ്, അവനാണു പരിഹാരമെന്ന്. അതുകൊണ്ടു തന്നെയാണ് ഉറച്ച മനസോടെ അവൾ അങ്ങനെ പറഞ്ഞത്- അവൻ പറയുന്നതു പോലെ ചെയ്യുവിൻ.

നമ്മുടെ പ്രശ്നങ്ങൾക്കു പരിഹാരം അമ്മയോടും അതുവഴി അവളുടെ മകനോടും (To Jesus through Mary- മറിയം വഴി ഈശോയിലേക്ക്) ചോദിക്കാനുള്ള മനസൊരുക്കം നമുക്കുണ്ടോ..? ഉത്തരങ്ങൾ തേടി സമാധാനത്തോടെ സക്രാരിയുടെ സന്നിധിയിലേക്കണയുന്നതിനേക്കാൾ, തെരുവും ചാനൽ മൈക്കുമാണ് നമുക്കിണക്കവും എളുപ്പവുമെന്നു കരുതിപ്പോയാൽ പ്രശ്നങ്ങൾ ഘോഷിക്കപ്പെടുകയും പരിഹാരങ്ങൾ അകലുകയും ചെയ്യുന്നതിന് കാലം സാക്ഷി.

അവൻ പറയുന്നതു പോലെ ചെയ്യാനുള്ള മറിയത്തിന്റെ ഓർമപ്പെടുത്തൽ, കാനയിൽ നിന്നു പുതിയ കാലത്തിലേക്കു പടരുന്നുണ്ടെന്നതും അതിനു സൂക്ഷ്മമായി കാതോർക്കേണ്ടതുണ്ടെന്നതും സുവിശേഷത്തിലെ കല്യാണവീടിന്റെ പാഠം - രണ്ട്.

## കാലിക്കുടം, നിറകുടം

പ്രശ്നങ്ങളുടെ പരിഹാര ക്രിയകളിൽ 'അവൻ പറഞ്ഞതു' നഷ്ടമായാൽ നമ്മുടെ വീഞ്ഞുകുടങ്ങൾ കാലിയായിത്ത ന്നെയിരിക്കും. മറിയത്തിന്റെ ആഹ്വാനവും ക്രിസ്തുവിന്റെ പരിഹാരനിർദേശങ്ങളുമാണ് കാനായിലെ കല്യാണവീട്ടിലെ കാലിക്കുടങ്ങളെ നിറകുടങ്ങളാക്കിയത്. രണ്ടിനോടും കലഹിക്കാതെ കൈകോർക്കുന്ന കുടുംബാംഗങ്ങളും വിരുന്നുകാരും പരിചാരകരും.... എല്ലാം മംഗളം.

'അവൻ പറഞ്ഞതും അവന്റെ മഹത്വവും' ഒരുവേള മാറ്റിവച്ച് അവനവന്റെ മഹത്വം തേടുന്ന അധികാരകേന്ദ്രങ്ങൾ ഒരു വീഞ്ഞുകുടങ്ങളെയും വക്കോളം നിറയ്ക്കില്ല..., ഒരു കാലിക്കുടങ്ങളെയും നിറകുടങ്ങളാക്കില്ല...! നമ്മുടെ വിശ്വാസധാരകളുടെ വീഞ്ഞുകുടങ്ങൾ ദൈവ മഹത്വീകരണത്തിന്റെ മേൽത്തരം വീഞ്ഞിനാൽ വക്കോളം നിറയപ്പെടുമ്പോൾ സർവം മംഗളമെന്ന് കാനായിലെ കല്യാണവീടിന്റെ പാഠം - മൂന്ന്.

'എല്ലാം അവന്റെ ഉപരിമഹത്വത്തിന്" (Ad maiorem Dei gloriam -AMDG) എന്നു നിരന്തരം പറഞ്ഞ ഇഗ്നേഷ്യസ് ലയോളയെ ഓർത്തുകൊണ്ട്..

ആമ്മേൻ.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com